**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 270** **23-01-2025 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡുകളുടെ മസ്റ്ററിങ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കാർഡുകളുടെ മസ്റ്ററിങ് എന്നു മുതലാണ് ആരംഭിച്ചത്; ഇതു വരെ എത്ര പേർ പൂർത്തിയാക്കി; സംസ്ഥാനത്ത് മസ്റ്ററിങ് പൂർത്തിയാക്കാത്തവരെ കണ്ടെത്താൻ പരിശോധന ആരംഭിച്ചിട്ടുണ്ടോ; ഇതിൽ എത്ര പേരെ കണ്ടെത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | 2024 സെപ്റ്റംബർ 18 മുതലാണ് റേഷൻ ഗുണഭോക്താക്കളുടെ e-KYC അപ്ഡേഷൻ ആരംഭിച്ചത്. 20.01.2025 വരെ ആകെ 1,35,24,931 റേഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. 13,62,302 പേരുടെ മസ്റ്ററിംഗ് ഇനിയും പൂർത്തിയാകാനുണ്ട്. e-KYC അപ്ഡേഷൻ പൂർത്തിയാക്കാൻ സാധിക്കാത്തവരുടെ ലിസ്റ്റ് എല്ലാ താലൂക്ക് സപ്ലൈ ഓഫീസിലേക്കും നൽകിയിട്ടുണ്ട്. ടി ലിസ്റ്റിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തി മസ്റ്ററിംഗ് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും റേഷനിങ് ഇൻസ്പെക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ST വിഭാഗങ്ങൾ വസിക്കുന്ന മേഖലയിൽ ടി വിഭാഗത്തിൽപ്പെട്ട റേഷൻ ഗുണഭോക്താക്കളെക്കൊണ്ട് e- KYC അപ്ഡേഷൻ ചെയ്യാനാവശ്യമായ ബോധവൽക്കരണം ഫീൽഡ് തലത്തിലുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് അടിയന്തരമായി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ പട്ടികവർഗ്ഗ വികസന വകുപ്പിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | മസ്റ്ററിങ് പൂർത്തിയാക്കാത്ത എത്ര പേരാണ് സംസ്ഥാനത്താകെ ഉള്ളത്; ഇതിൽ മഞ്ഞ, പിങ്ക് കാർഡ് അംഗങ്ങളായ എത്ര പേർ വീതം ഉണ്ട്; മസ്റ്ററിങ് പൂർത്തിയാക്കാൻ കേന്ദ്രം അനുവദിച്ച സമയം എന്നു വരെയാണ്; സംസ്ഥാനത്ത് ഇപ്പോഴും മസ്റ്ററിങ് തുടരുന്നുണ്ടോ; അറിയിക്കാമോ; | (ബി) | മഞ്ഞ കാർഡിൽ ഉൾപ്പെട്ട 1,58,458 പേരും പിങ്ക് കാർഡിൽ ഉൾപ്പെട്ട 12,03,844 പേരും ചേർത്ത് മസ്റ്ററിംഗ് പൂർത്തിയാക്കാത്തതായി ആകെ 13,62,302 പേരുണ്ട്. സംസ്ഥാനത്ത് ഇപ്പോഴും മസ്റ്ററിംഗ് തുടരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതര സംസ്ഥാനത്തുള്ള എത്ര കേരളീയർ ഇതു വരെ മസ്റ്ററിങ് നടത്തി; ഇതിൽ എത്ര പേർ ഫെയ്സ് ആപ് വഴി മസ്റ്ററിങ് ചെയ്തു; ഫെയ്സ് ആപിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇതര സംസ്ഥാനത്തുള്ള 928 കേരളീയർ ഇതുവരെ മസ്റ്ററിംഗ് ചെയ്തിട്ടുണ്ട്. ഇതിൽ ആരും തന്നെ Face App മുഖേന മസ്റ്ററിംഗ് ചെയ്തിട്ടില്ല. കേരളത്തിനകത്ത് താമസിക്കുന്ന റേഷൻ ഗുണഭോക്താക്കൾക്ക് മാത്രം Face App മുഖേന e-KYC അപ്ഡേഷൻ നടത്താവുന്ന രീതിയിലുള്ള നിയന്ത്രണം എർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | മസ്റ്ററിങ് പൂർത്തിയാക്കാൻ പ്രയാസമുള്ള കുട്ടികൾ, കിടപ്പുരോഗികൾ എന്നിവരുടെ കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചത്; ആധാറിൽ ബയോമെട്രിക് വിവരങ്ങൾ ഇല്ലാത്ത എത്ര കുട്ടികളുടെ മസ്റ്ററിങ് നടത്തിയിട്ടുണ്ട്; വെളിപ്പെടുത്തുമോ? | (ഡി) | ഇതര സംസ്ഥാനത്തുള്ള 928 കേരളീയർ ഇതുവരെ മസ്റ്ററിംഗ് ചെയ്തിട്ടുണ്ട്. ഇതിൽ ആരും തന്നെ Face App മുഖേന മസ്റ്ററിംഗ് ചെയ്തിട്ടില്ല. കേരളത്തിനകത്ത് താമസിക്കുന്ന റേഷൻ ഗുണഭോക്താക്കൾക്ക് മാത്രം Face App മുഖേന e-KYC അപ്ഡേഷൻ നടത്താവുന്ന രീതിയിലുള്ള നിയന്ത്രണം എർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ